# ചില കേരളദിന ചിന്തകൾ





**ഡോ. ഡി. ബാബു പോൾ**

കേരളപ്പിറവിദിനം ഒരിക്കൽക്കൂടെ കടന്നുപോയി. ഒരു ചെറിയ കാര്യം പറഞ്ഞ് തുടങ്ങാം. വഴിയായ വഴിനീളെ സെറ്റുമുണ്ട് ഉടുത്ത് സ്ത്രീകളും, ഏത് മുണ്ടിനെയും അഭിമാന മുണ്ട് ആക്കി പുരുഷന്മാരും ഈ ദിനത്തിൽ ദൃശ്യരായി. ഈ കൃത്രിമത്വം എനിക്കെന്നും അരോചകമായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളത്. നമ്മുടെ വേഷം ഒറ്റമുണ്ട് ആയിരുന്നു. പൗളിനോസ് പാതിരി അടക്കം ധർമരാജാവിനെ മുഖം കാണിച്ച പരദേശികളൊക്കെ മലയാളിയുടെ ലാളിത്യത്തെ ശ്ലാഘിക്കവേ പറഞ്ഞിട്ടുള്ള ഒരു സംഗതി രാജാവ് പോലും ഒറ്റമുണ്ട് ഉടുക്കുന്ന നാടാണ് കേരളം എന്നാണ്. സ്ത്രീകളുടെ കാര്യവും വ്യത്യസ്തമായിരുന്നില്ല. പുറത്തുനിന്ന് വന്നവരാണ് നമ്മെ നാണം പഠിപ്പിച്ചത്. സുറിയാനി ക്രിസ്ത്യാനികളുടെ ദേവാലയങ്ങളിൽ പുരുഷന്മാർ ഷർട്ടിട്ട് തുടങ്ങിയിട്ട് കഷ്ടിച്ച് ഇരുന്നൂറ് കൊല്ലമേ ആയിട്ടുള്ളു. വസ്ത്രവിധാന ചരിത്രമല്ല ഈ കുറിപ്പിന്റെ വിഷയം. എങ്കിലും വിവരമില്ലാത്തവർ മലയാളിയാണെന്ന് ഉദ്ഘോഷിപ്പാൻ ആണ്ടിലൊരിക്കൽ കസവുകവിണി അണിയുന്നത് വിവരം ഇല്ലാത്തതുകൊണ്ടാണ് എന്ന് പറയാതിരിക്കാൻ വയ്യാത്തതുകൊണ്ട് പറഞ്ഞുപോയി; അത്ര തന്നെ.

കഴിഞ്ഞ അറുപതു വർഷം കൊണ്ട് കേരളം ഒരുപാട് മാറി. ആ മാറ്റങ്ങളിൽ ഏറ്റവും പ്രധാനം മലയാളം സംസാരിക്കുന്ന ജനങ്ങളുടെ സംസ്കാരത്തിൽ ഉണ്ടായ ഒരുതരം ഏകീഭാവം ആണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ പോലും മലയാള ഭാഷയ്ക്ക് ഒരു മാനകം ഉണ്ടായിരുന്നില്ല. ചുനങ്ങാട്ട് ചാത്തുമേനോൻ ബൈബിൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയ കാലം (ബെയ്‌ലിയുടെ പേരിൽ അറിയപ്പെടുന്ന വിവർത്തനത്തിന്റെ കൈക്കാരൻ ചെങ്ങന്നൂർ തഹസീൽദാർ ആയിരുന്ന ചാത്തുമേനോൻ ആയിരുന്നു). ബൈബിൾ വിവർത്തനം ചെയ്യാൻ പുറപ്പെട്ട ചാത്തുമേനോനെ അഭിമുഖീകരിച്ച ആദ്യത്തെ ചോദ്യം ഏത് മലയാളം എന്നതായിരുന്നു. അക്കാലത്ത് ഗോകർണം മുതൽ മഴു വീണ ഇടം വരെയുള്ള ഭാഷ മലയാളം എന്നാണ് അറിയപ്പെട്ടിരുന്നതെങ്കിലും ഓരോ ഭൂപ്രദേശത്തിനും ഓരോ സമുദായത്തിനും മലയാളം പ്രതിഭിന്നമായിരുന്നു. പമ്പയാർ മുതൽ പെരിയാർ വരെയുള്ള പ്രദേശത്ത് നായന്മാരും സുറിയാനി ക്രിസ്ത്യാനികളും ഒരേതരം മലയാളമാണ് ഉപയോഗിച്ചിരുന്നതെന്ന് നിരീക്ഷിച്ച ചാത്തുമേനോൻ ആണ് ആ മലയാളം വിവർത്തനത്തിന് ഉപയോഗിക്കണം എന്ന് നിശ്ചയിച്ചത്. അതിനുശേഷം ആണല്ലോ പാഠപുസ്തകങ്ങളും ഒരു മാനകമലയാളവും ഒക്കെ ഉണ്ടായത്. ഈ പ്രക്രിയ 1956 നവംബറിനു ശേഷം കൂടുതൽ ത്വരിതഗതിയിലായി. ഇന്ന് 2017ൽ, ഉച്ചാരണഭേദങ്ങളും പ്രാദേശികശൈലികളും ഏറിയും കുറഞ്ഞും തുടരുന്നുണ്ടെങ്കിലും വരമൊഴി മലയാളം ഒരു ആധികാരിക ഭാവം കൈവരിച്ചിരിക്കുന്നു.

വരമൊഴി മാത്രമല്ല താനും. വരികയില്ല എന്നതിനു പകരം വരില്ല എന്ന് പറയാൻ തെക്കുള്ളവരും സാധ്യമല്ല (ഒക്കുകയില്ല) എന്നതിനുപകരം ഒക്കത്തില്ല എന്ന് പറയാൻ വടക്കുള്ളവരും പഠിച്ചു. ഏത്തയ്ക്കാപ്പത്തെ പഴംപൊരിയാക്കിത് പരശുറാം എക്സ്പ്രസിലെ പാന്ട്രികാർ ജീവനക്കാരാണ് എന്ന് നാം പലപ്പോഴും ഓർക്കാറില്ലെങ്കിലും ഇപ്പോൾ തിരുവനന്തപുരത്തും ഏത്തയ്ക്കാപ്പം ചോദിച്ചാൽ പഴംപൊരി തന്നെ അല്ലേ എന്ന മറുചോദ്യം വരുന്ന അവസ്ഥയായി.

തിരുവിതാംകൂറും കൊച്ചിയും സംയോജിക്കപ്പെട്ടത് 1949 ൽ ആയിരുന്നു. എന്നാൽ മാനസികമായി ഇപ്പറഞ്ഞ രണ്ട് നാട്ടുരാജ്യങ്ങളും മോരും മുതിരയും കണക്കെ ആയിരുന്നു. വടക്കൻ തിരുവിതാംകൂറിലെയും കൊച്ചിയിലെയും കുടുംബങ്ങൾ തമ്മിൽ വിവാഹബന്ധങ്ങൾ ഉണ്ടായിരുന്നു എന്നുമാത്രം. ഈ അവസ്ഥ മാറാനും ഐക്യകേരളം വഴിവച്ചു. മലബാറിൽ നിന്നുള്ളവരും സ്റ്റേറ്റുകാരും എന്ന ചിന്തയായിരുന്നു അതിന്റെ പിന്നിൽ എന്ന് പറയാമായിരിക്കും. എങ്കിലും തിരുവിതാംകൂർ-കൊച്ചി സംയോജനം പൂർണമായത് കേരളം ഉണ്ടായതോടെയാണ്.

സാംസ്കാരികമായി പരിഗണിക്കുമ്പോൾ കേരളപ്പിറവി തെക്കൻ കേരളത്തിൽ (പഴയ തിരുവിതാംകൂർ-

കൊച്ചി) കൊണ്ടുവന്ന ഒരു ദോഷം കൂടെ പറയണം. എന്റെ ബാല്യകാലത്ത് വസ്ത്രധാരണം കൊണ്ട് പുരുഷന്മാരെ ജാതി തിരിച്ച് അറിയുവാൻ കഴിഞ്ഞിരുന്നില്ല ഈ പ്രദേശത്ത്. മുണ്ട് ഇടത്തോട്ട് ഉടുക്കുന്നവരായി തമിഴരും മുസ്ലിങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് തിരുവിതാംകൂർ കൊച്ചി പ്രദേശത്ത് പർദ്ദയും മലബാറിലെ സാമൂഹിക വേഷവിധാനങ്ങളും അസാധാരണമല്ലാതായിരിക്കുന്നു. ഇത്ര കടന്ന ഒരു സ്വത്വാന്വേഷണം വേണ്ടതുണ്ടോ എന്ന സംശയം അസ്മാദൃശന്മാരെ അലട്ടാതിരിക്കുന്നില്ല.

രാഷ്ട്രീയത്തിൽ ജാതിയും മതവും കലരുന്നത് പുതിയ കാര്യം അല്ല.

എന്നാൽ പഴയ തിരുവിതാംകൂറിൽ ജാതി പൊതുജീവിതത്തിൽ കടന്നുവന്നത് ഒരു മനുഷ്യാവകാശ വിഷയം ആയിട്ടാണ്. മാറ് മറയ്ക്കാനുള്ള സമരം തെക്കൻ കേരളത്തിൽ പ്രധാനമായും ഇന്നത്തെ കന്യാകുമാരി ജില്ലയിൽ ഉണ്ടായത് ജാതിയുടെ അടിസ്ഥാനത്തിൽ ആയിരുന്നുവെങ്കിലും ആ സമരം വർഗീയമായിരുന്നില്ല. അയ്യങ്കാളിയുടെയും മിഷണറി പ്രവർത്തനത്തിന്റെയും അന്തർധാര മനുഷ്യാവകാശപരിഗണനകൾ ആയിരുന്നു.

അതേസമയം ജാതിചിന്ത വളരാൻ സന്ദർഭം ഉണ്ടാകാതിരുന്നില്ല. മാർത്താണ്ഡവർമ തിരുവിതാംകൂർ സ്ഥാപിച്ചപ്പോൾ തനിക്ക് നേരിടേണ്ടി വന്നതരം എതിർപ്പ് തന്റെ പിൻഗാമികൾക്ക് ഉണ്ടാകാതിരിക്കാൻ വേണ്ടി നായർ സമുദായത്തെ അധികാരത്തിന്റെ ഉന്നതസോപാനങ്ങളിൽ നിന്ന് അകറ്റി നിർത്തി. രാമയ്യൻ മുതൽ സി.പി രാമസ്വാമി അയ്യർ വരെ ഉള്ളവർ വാണിരുന്ന നൂറ്, ഇരുന്നൂറ് സംവത്സരകാലത്ത് കഷ്ടിച്ച് ഒരു പത്തുപന്ത്രണ്ട് കൊല്ലം മാത്രമാണ് നായർസമുദായത്തിൽ നിന്ന് ദളവായും ദിവാനും ഉണ്ടായത്. യുഗപ്രഭാവനായ രാജാ കേശവദാസനും ചരിത്രത്തിൽ പ്രസിദ്ധനായ വേലുത്തമ്പിയും ഒക്കെ ഉൾപ്പടെ പരിഗണിച്ചാലും. അങ്ങനെ മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ, നിവർത്തന പ്രക്ഷോഭണം തുടങ്ങിയ സംഭവങ്ങൾ തിരുവിതാംകൂറിൽ അരങ്ങേറി. അത് ശ്രദ്ധിക്കാതിരിക്കാൻ കഴിയാത്തവണ്ണം സമൂഹത്തെ ജാതിചിന്ത ഗ്രസിക്കുവാൻ ഇടയാക്കി. മലബാറിലാണെങ്കിൽ ടിപ്പുവിന്റെ പടയോട്ടം സൃഷ്ടിച്ച വികാരങ്ങൾ, ഖിലാഫത്ത് തുടങ്ങിയവയും ഇങ്ങനെ ചേർത്തുവായിക്കണം. പറയുന്നത്, നമ്മുടെ രാഷ്ട്രീയ ജീവിതത്തിൽ ജാതിമത ചിന്തകൾ ഉണ്ടായത് ചരിത്രത്തിന്റെ ശേഷിപ്പായിട്ടാണ് എന്നാകുന്നു. ഇന്ന് അത് കൂടുതൽ പ്രകടമാകുന്നു എന്നതാണ് വ്യത്യാസം.

**“ സർക്കാരിൽ മാത്രം അല്ല. നമ്മുടെ സ്വകാര്യ ആശുപത്രികൾ ലാഭകേന്ദ്രങ്ങളായിരിക്കുന്നു. സായിബാബയുടെ ആശുപത്രികളൊഴിച്ചാൽ എവിടെയും പണം ആണ് പ്രധാനം. അതിനു മതഭേദം ഒന്നും ഇല്ല. ആശുപത്രികൾ പോലെ തന്നെയാണ് പള്ളിക്കൂടങ്ങളും. അധ്യാപകനിയമനത്തിന് കൈക്കൂലി, വിദ്യാർത്ഥികളുടെ പ്രവേശനത്തിന് കൈക്കൂലി. അതിനും ഇല്ല മതഭേദം. എന്റെ അറിവിൽ ആലുവാ യു സി കോളജ് മാത്രമാണ് ഉന്നത വിദ്യാഭ്യാസരംഗത്തെ അറിയപ്പെടുന്ന ഒരു ആശ്വാസദ്വീപ് ഇക്കാര്യത്തിൽ. ”**

ഇത് പ്രഥമദൃഷ്ട്യാ തോന്നുന്നത്ര നിരാശ ജനിപ്പിക്കേണ്ടതില്ല. വിദ്യാഭ്യാസ നിലവാരം വർദ്ധിക്കുമ്പോൾ ഇതിനൊക്കെ കുറെ മാറ്റം വരും. മലബാറിലെ മുസ്ലിംസമുദായം ഒരുദാഹരണമാണ്. സി.എച്ച്. മുഹമ്മദ്കോയ കുട നന്നാക്കുന്നവരെയെല്ലാം പിടിച്ച് അറബി മുൻഷിമാരാക്കി എന്നൊക്കെ നാം ഒരുകാലത്ത് പരിഹസിച്ചിരുന്നു. എന്നാൽ അതിന്റെ തുടർച്ചയാണ് കൂടുതൽ മുസ്ലിം പെൺകുട്ടികൾ ഉന്നതവിദ്യാഭ്യാസം നേടുന്നതും സ്വാഭാവികമായി അവരുടെ വിവാഹപ്രായം ഉയരുന്നതും മുസ്ലിങ്ങളുടെ പ്രജനനനിരക്ക് കുറയുന്നതും. സുറിയാനി ക്രിസ്ത്യാനികളുടെ മാതിരി നെഗറ്റീവ് റേറ്റ് ആകാൻ കാലം ഏറെ പിടിക്കുമെങ്കിലും മലപ്പുറം ജില്ലയിൽ 1971ൽ ഉണ്ടായിരുന്നതിന്റെ പകുതിയോളമായി ഇപ്പോൾ വിദ്യാഭ്യാസം കൂടുതൽ സാർവത്രികമായപ്പോൾ. അക്ഷരം തന്നെയാണ് മന്ത്രം.

മുസ്ലിംലീഗിന്റെ സ്വാധീനതയിലും ഇത് പ്രതിഫലിക്കുന്നുണ്ട്. കുറെ മണ്ഡലങ്ങൾ ഇന്നും അവരുടെ സ്വന്തം ബാലികേറാമലകളാണ് മറ്റുള്ളവരുടെ നോട്ടത്തിൽ. എന്നാൽ വിദ്യാസമ്പന്നരായ മുസ്ലിങ്ങൾക്ക് ലീഗിൽ ഉള്ള വിശ്വാസത്തിന് ഇടിവ് തട്ടിയിരിക്കുന്നു. സി.പിഎം കടന്നുകയറുന്ന ഇടം അതാണ്. ആ ഇടം വികസിച്ച് വികസിച്ച് മലപ്പുറം ജില്ലയിൽ ഇതര ജില്ലകളിൽ കാണുന്നത്ര വ്യക്ത

മായ മതനിരപേക്ഷഭാവം ഉറയ്ക്കണമെങ്കിൽ ദശാബ്ദങ്ങൾ കഴിയേണ്ടിവരും. എങ്കിലും മതസ്വാധീനത രാഷ്ട്രീയത്തിൽ കുറയുകയാണ്. കൂടുകയല്ല.

അഴിമതിയാണ് ശ്രദ്ധിക്കേണ്ട മറ്റൊരു വിഷയം. ഒരു മന്ത്രി മന്ദിരവളപ്പിലെ മഹാഗണി മരം ലേലം ചെയ്തതിലെ ധർമബദ്ധമായ ആരോപണം ആയിരുന്നു ആദ്യത്തെ പട്ടം മന്ത്രി സഭയെ 1948ൽ അലോസരപ്പെടുത്തിയതെങ്കിൽ ആ രോഗം പടിപടിയായി മൂർച്ഛിച്ച് ദേശവ്യാപകമായി നമ്മുടെ പൊതുജീവിതത്തെ അടയാളപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. മൻമോഹൻസിങിന്റെ രണ്ടാമൂഴത്തിലാണ് ഇത് വഷളായത്. കഴിഞ്ഞ മൂന്നുകൊല്ലമായി അഴിമതിയാരോപണങ്ങൾ ഒന്നും കേൾക്കാനില്ല ദേശീയ തലത്തിൽ. അത് മോദിയുടെയും ഭാരതീയജനതാപാർട്ടിയുടെയും നേട്ടം തന്നെ. എങ്കിലും സർക്കാരും ജനങ്ങളും ഒത്തുകാണുന്ന ഇടങ്ങളിലൊക്കെ- ഇൻർഫേസ് എന്ന് സായിപ്പ് – അഴിമതി ഉണ്ട് എന്നതാണ് ജനങ്ങളുടെ അനുഭവം. ഇത് കേരളത്തിലും വ്യക്തമാണ്.

സർക്കാരിൽ മാത്രം അല്ല. നമ്മുടെ സ്വകാര്യ ആശുപത്രികൾ ലാഭകേന്ദ്രങ്ങളായിരിക്കുന്നു. സായിബാബയുടെ ആശുപത്രികളൊഴിച്ചാൽ എവിടെയും പണം ആണ് പ്രധാനം. അതിനു മതഭേദം ഒന്നും ഇല്ല. ആശുപത്രികൾ പോലെ തന്നെയാണ് പള്ളിക്കൂടങ്ങളും. അധ്യാപകനിയമനത്തിന് കൈക്കൂലി, വിദ്യാർത്ഥികളുടെ പ്രവേശനത്തിന് കൈക്കൂലി. അതിനും ഇല്ല മതഭേദം. എന്റെ അറിവിൽ ആലുവാ യുസി കോളജ് മാത്രമാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ അറിയപ്പെടുന്ന ഒരു ആശ്വാസദ്വീപ് ഇക്കാര്യത്തിൽ.

വ്യക്തിതലത്തിൽ സത്യസന്ധതയോടുള്ള നമ്മുടെ സമീപനമാണ് ഈ അഴിമതി വ്യാപനത്തിന് പിന്നിൽ. ഐഎഎസ് പരീക്ഷയ്ക്ക് കോപ്പിയടിക്കാൻ ശ്രമിക്കുന്ന ഐപിഎസുകാരനെ കുറിച്ചാണല്ലോ ഈയിടെ നാം പത്രത്തിൽ വായിച്ചത്.

സ്ത്രീകളോടുള്ള സമീപനമാണ് ഇനി പറയേണ്ടത്. ഭാരതത്തിന്റെ പാരമ്പര്യം സ്ത്രീകളെ ബഹുമാനിക്കുന്നതാണ്. ഇന്ന് സ്ത്രീകളെ അപമാനിക്കുന്നത് അസാധാരണമല്ലാതായിരിക്കുന്നു. ആറ് വയസിന് താഴെ ആയാലും നൂറു വയസിനു മേലെ ആയാലും വ്യത്യാസം കാണാത്ത നരാധമന്മാർ വസിക്കുന്ന ഒരു കാടായി നമ്മുടെ നാട് മാറുകയാണോ?

ഇത്രയുമൊക്കെ പറഞ്ഞതുകൊണ്ട് കഴിഞ്ഞ ആറ് പതിറ്റാണ്ടിന്റെ ബാക്കിപത്രം നിരാശാജനകമാണ് എന്നല്ല. നമുക്ക് ഒരുപാട് നേട്ടങ്ങൾ ഉണ്ടായി. രണ്ടാം ലോകമഹായുദ്ധകാലത്താണ് ഞാൻ ജനിച്ചത്. മഹാത്മാഗാന്ധി വധിക്കപ്പെട്ട വിവരം മൂന്നാം ദിവസമാണ് ഞങ്ങളുടെ നാട്ടിൽ അറിയുന്നത്. എന്റെ സതീർഥ്യൻ കെ.കെ മാധവൻ ഇരുപത്തിയെട്ട് കിലോമീറ്റർ നിത്യവും നടന്ന് പഠിച്ചിട്ടാണ് ഫസ്റ്റ് ക്ലാസ് വാങ്ങി ജയിച്ച് പിൽക്കാലത്ത് ചീഫ് എഞ്ചിനിയർ ആയത്. ഇന്ന് കുന്നത്തുനാട് താലൂക്കിൽ ആകെ മൂന്ന് എൽഎംപി (എംബിബിഎസ് അല്ല) ഡോക്ടർമാരാണ് ഉണ്ടായിരുന്നത്. ടാറിട്ട റോഡുകളോ വിദ്യുഛക്തിയോ ടെലിഫോണോ ഒന്നും നമ്മുടെ നാട്ടിൻപുറങ്ങളിൽ ഉണ്ടായിരുന്നില്ല. അവിടെ നിന്നൊക്കെ നാം ഒരുപാട് മുന്നോട്ടുവന്നു. നല്ല കാര്യം. അതിനിടെ നമ്മുടെ പാരമ്പര്യം മറന്നു. ജപ്പാനിലെ സമൂഹം ഇരുനിലവീടാണ് എന്ന് പറയാറുണ്ട്. മുകളിലത്തെ നിലയിൽ അവരുടെ അഭിമാനകരമായ പാരമ്പര്യങ്ങൾ, താഴത്തെ നിലയിലാണ് ആൾത്താമസം. ഒരു കുഴപ്പം മാത്രം. താഴെ എല്ലാം മോടിപിടിപ്പിക്കാൻ ഓടിനടന്നപ്പോൾ മുകളിൽ കയറാനുള്ള ഗോവണി തുരുമ്പെടുത്ത് ഇല്ലാതായത് ആരും ശ്രദ്ധിച്ചില്ല. ആ ദുർഗതി നമുക്ക് ഉണ്ടാകാതിരിക്കട്ടെ.

ആഹാരനിദ്രാ ഭയമൈഥുനം ച
സാമാന്യമേതത് പശുഭിർനമാണാം
ധർമോ ഹി തേഷാമധികോ വിശേഷോ
ധർമേണ ഹീനഃ പശുഭിഃ സമാനഃ

എന്ന് പണ്ട് ഭർത്തൃഹരി പറഞ്ഞത് മറക്കാതിരിക്കുക നാം. പിൻപറ്റിയാൽ മൃഗതുല്യരായി ഭവിക്കാതെ കഴിക്കാം.

9447331149


## വായിക്കാം ന്യൂവിഷൻ മാസികയുടെ പഴയ ലക്കങ്ങൾ

ന്യൂവിഷൻ മാസികയുടെ പഴയ ലക്കങ്ങൾ www.newvisionmagazine.orgൽ ലഭിക്കുന്നു. എല്ലാ മാസവും 28ന് ഏറ്റവും പുതിയ ലക്കവും വായിക്കാം. തികച്ചും സൗജന്യം.

നിങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും സാധിക്കും. കംപ്യൂട്ടർ സൗകര്യമുള്ള എല്ലാവർക്കും ഈ ക്രമീകരണം പ്രയോജനം ചെയ്യും

## ന്യൂ വിഷനിലേക്ക് പരസ്യങ്ങൾ ക്ഷണിക്കുന്നു

വിവാഹം, ചരമം, സ്മരണാഞ്ജലി, തുടങ്ങിയവയുടെ പരസ്യങ്ങൾ കളറിലും ബ്ലാക്ക് ആന്റ് വൈറ്റിലും പ്രസിദ്ധീകരിക്കുന്നു. പത്രാധിപസമിതിയംഗങ്ങളുമായി ബന്ധപ്പെട്ടാൽ പരസ്യ നിരക്ക് ലഭിക്കും. ഫോൺ നമ്പർ കവർ രണ്ടിൽ കൊടുത്തിരിക്കുന്നു.

ജോർജ് മാത്യു സി.
മാനേജിങ് എഡിറ്റർ
ഫോൺ 9447114633